സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

June 2025
Vol. 1 Issue 4 pages 5-9

പാലൈ
PALAI பாலை
ISSN No: 3049-0316

# മിഷണറി സ്കെച്ചുകളിലെ കേരളം



**ഡോ. സൗമ്യ ബേബി***

**സംഗ്രഹം**

കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിൽ മിഷണറിമാരുടെ സംഭാവനകൾ പഠനവിധേയമായിട്ടുണ്ട്. എന്നാൽ, നൂറും നൂറ്റമ്പതും വർഷങ്ങൾക്കുമുമ്പു ലണ്ടനിൽനിന്നും പുറത്തിറങ്ങിയിരുന്ന മിഷണറി മാസികകളിൽ പ്രസിദ്ധീകരിച്ച കേരളത്തിന്റെ രേഖാചിത്രങ്ങൾ അർഹമായ രീതിയിൽ വിലയിരുത്തപ്പെട്ടിട്ടില്ല. ഫോട്ടോഗ്രാഫി പ്രചാരത്തിലെത്താത്ത കാലഘട്ടത്തിൽ പുറത്തിറങ്ങിയ മാസികകളിൽ, സ്കെച്ചുകൾ എന്ന നിലയിലാണ് ഇത്തരം ചിത്രങ്ങൾ ചേർത്തിരുന്നത്. ഏതെങ്കിലുമൊരു ദൃശ്യം ഭാവനാത്മകമായി ചിത്രീകരിക്കുന്നതിനപ്പുറം കാഴ്ചയോടു പൂർണമായും നീതി പുലർത്തുന്ന തരത്തിലുള്ള രചനാശൈലി ഇവയിൽ കാണാം. ആ നിലയ്ക്കു കേരളത്തിന്റെ പൊതുസംസ്കാരത്തെക്കുറിച്ചുള്ള പഠനങ്ങളിൽ മുതൽക്കൂട്ടാകുന്ന ചിത്രങ്ങളാണ് ഇവയോരോന്നും. നമ്മുടെ ഗവേഷണമേഖലയിൽ മിഷണറി സ്കെച്ചുകൾക്കുള്ള പ്രാധാന്യം അടയാളപ്പെടുത്താനാണ് പ്രബന്ധത്തിലൂടെ ലക്ഷ്യമാക്കുന്നത്.

**താക്കോൽ വാക്കുകൾ:** രേഖാചിത്രം - ജീവിതാവസ്ഥ - മിഷണറി സ്കെച്ചുകൾ - ചർച്ച് മിഷണറി ഗ്ലീനർ - സംസ്കാരം - ചരിത്രപഠനം - സാമൂഹിക നവോത്ഥാനം


നൂറ്റാണ്ടു മുമ്പുള്ള കേരളത്തിലെ സാമൂഹികവും സാംസ്കാരികവുമായ ജീവിതസാഹചര്യം എങ്ങനെയെന്നുള്ള അന്വേഷണം അക്കാദമിക രംഗത്തെ ദീർഘകാല ഗവേഷണ വിഷയങ്ങളിൽ ഒന്നാണ്. രാജഭരണവും കൊളോണിയൽ അധിനിവേശവുമായി ബന്ധപ്പെട്ടു ലഭ്യമായിട്ടുള്ള രേഖകൾ, വിദേശസഞ്ചാരികളുടെ യാത്രാവിവരണങ്ങൾ, സർവ്വേ റിപ്പോർട്ടുകൾ, തദ്ദേശീയമായി രചിക്കപ്പെട്ട പ്രാചീന സാഹിത്യകൃതികൾ തുടങ്ങിയവയെല്ലാം ഇതിനുവേണ്ട ഉപാദാനമായി മാറിയിരിക്കുന്നു. വാക്കുകളെക്കാൾ പതിന്മടങ്ങ് സംവേദനക്ഷമത ചിത്രങ്ങൾക്കുണ്ടെങ്കിലും, കേരളത്തിലെ ജനജീവിതത്തിന്റെയും നാട്ടുകാഴ്ചയുടെയും ഫോട്ടോഗ്രാഫുകൾ കാര്യമായി കണ്ടുതുടങ്ങിയിട്ട് ഒരു നൂറ്റാണ്ടിൽ അധികമായിട്ടില്ല. പത്തൊമ്പതാം ശതകത്തിന്റെ രണ്ടാംപകുതിയിൽ ഇവിടെയും

* അസ്സോസിയേറ്റ് പ്രൊഫസർ, മലയാള വിഭാഗം, സെന്റ് തെരേസാസ് കോളേജ്, എറണാകുളം.
Ph: 9447474688, Email: babysaumya19@gmail.com

 ISSN No: 3049-0316 

ഫോട്ടോഗ്രാഫി ആരംഭിച്ചിരുന്നവെങ്കിലും മനുഷ്യചിത്രങ്ങൾക്കാണ മുൻതൂക്കം ലഭിച്ചത്. എന്നാൽ ഫോട്ടോഗ്രാഫി കേരളത്തിൽ എത്തുന്നതിനു മുമ്പും, എത്തിയതിനുശേഷമുള്ള കാലയളവിലും നമ്മുടെ നാടിന്റെ അതിമനോഹരമായ സ്കെച്ചുകൾ പല വിദേശ മാസികകളിലും പ്രസിദ്ധീകരിക്കപ്പെട്ടു. 'മിഷണറി രജിസ്റ്റർ' (Missionary Register), 'ചർച്ച് മിഷണറി ഇന്റലിജൻസർ' (Church Missionary Intelligencer), 'ചർച്ച് മിഷണറി ഗ്ലീനർ' (Church Missionary Gleaner) എന്നിവ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ഇതിൽ തന്നെ, ധാരാളം ചിത്രങ്ങൾ അച്ചടിച്ച ചർച്ച് മിഷണറി ഗ്ലീനറിലെ സ്കെച്ചുകളെയാണ് കേരളത്തിന്റെ പഴയകാല സാമൂഹിക-സാംസ്കാരിക ജീവിതാവസ്ഥയുമായി ബന്ധപ്പെടുത്തി വിലയിരുത്തുന്നത്.

## മിഷണറിമാരും ചർച്ച് മിഷണറി ഗ്ലീനറും


മിഷണറിമാർക്കായി നിർമ്മിക്കപ്പെട്ട ഏറുമാടം - 1850

ജാതീയമായ വേർതിരിവുകളും അയിത്തവും അടിമത്തവുമെല്ലാം നിറഞ്ഞുനിന്ന ദയനീയമായ സാമൂഹികചുറ്റുപാടിലേക്കു പാശ്ചാത്യ മിഷണറിമാർ എത്തിച്ചേരുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ്. ലണ്ടൻ മിഷണറി സൊസൈറ്റി (എൽഎംഎസ്), ചർച്ച് മിഷണറി സൊസൈറ്റി (സിഎംഎസ്), ബാസൽ മിഷൻ എന്നിവ ഇക്കൂട്ടത്തിൽപ്പെടുന്നു. ലണ്ടൻ കേന്ദ്രമാക്കി 1795 മുതൽ ലണ്ടൻ മിഷണറി സൊസൈറ്റിയും, 1799 മുതൽ ചർച്ച് മിഷണറി സൊസൈറ്റിയും, സ്വിറ്റ്സർലണ്ടിലെ ബാസൽ പട്ടണം ആസ്ഥാനമാക്കി 1815 മുതൽ ബാസൽ മിഷനും പ്രവർത്തനം ആരംഭിച്ചു. ഇവയുടെയെല്ലാം സേവനപ്രവർത്തനങ്ങൾ ആഗോളതലത്തിൽ ആയിരുന്നു. കേരളവും പരിസര പ്രദേശവുമെടുത്താൽ എൽഎംഎസ് മിഷണറിമാർ നാഗർകോവിലും, സിഎംഎസ് മിഷണറിമാർ കോട്ടയവും, ബാസൽ മിഷൻകാർ തലശ്ശേരിയും കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചിരുന്നത്. ഈ നാടിന്റെ സാമൂഹിക നവോത്ഥാനത്തിൽ ഇവരുടെ ഇടപെടൽ വളരെ വലുതാണ്. വിദ്യാഭ്യാസം, ആരോഗ്യം, ശാസ്ത്രം, കൃഷി, സാമൂഹ്യപരിഷ്കരണം, കല തുടങ്ങി എല്ലാ മേഖലകളിലും മിഷണറിമാർ ഒട്ടേറെ സംഭാവനകൾ നല്കി. മലയാളം അച്ചടിയുടെ പിതാവായി അറിയപ്പെടുന്ന ബെഞ്ചമിൻ ബെയ്‌ലിയും ആദിവാസികൾ ഉൾപ്പെടെയുള്ള അനേകം പേരെ മുഖ്യധാരയിലേക്കു കൈപിടിച്ചുയർത്തിയ ഹെൻറി ബേക്കറും ചർച്ച് മിഷണറി സൊസൈറ്റിയുടെയും, മലയാള ഭാഷയ്ക്ക് ഒട്ടേറെ സംഭാവനകൾ നല്കിയിട്ടുള്ള പ്രമുഖ പണ്ഡിതനായിരുന്ന ഡോ. ഹെർമൻ ഗുണ്ടർട്ട് ബാസൽ മിഷന്റെയും, 'നേറ്റീവ് ലൈഫ് ഇൻ ട്രാവൻകൂർ' (Native Life in Travancore)[1] എന്ന പ്രശസ്ത പുസ്തകത്തിന്റെ രചയിതാവായ സാമുവൽ മെറ്റീർ ലണ്ടൻ മിഷണറി സൊസൈറ്റിയുടെയും പ്രവർത്തകരായിരുന്നു.


തിരുവിതാംകൂറിലെ വള്ളക്കാരൻ - 1854

കേരളത്തിന്റെ അക്കാലത്തെ ജീവിതാവസ്ഥ ലോകത്തിനു മുന്നിൽ അവതരിപ്പിച്ചത് മിഷണറിമാരാണ്. ഇതിന്റെ ഫലമായി ഇവിടുത്തെ വിദ്യാഭ്യാസവും ആരോഗ്യവും ഉൾപ്പെടെയുള്ള മേഖലകളിലെ നവോത്ഥാന പ്രവർത്തനങ്ങൾക്കായി ധാരാളം വിദേശസഹായം ലഭിച്ചു. ഓരോ ദേശത്തെയും ജനജീവിതവും മിഷണറി ഇടപെടലും ലോകത്തെ അറിയിക്കാൻ പ്രസിദ്ധീകരണങ്ങളും ഉണ്ടായിരുന്നു. ഇതിൽ മികച്ചതാണ് ചർച്ച് മിഷണറി സൊസൈറ്റി ലണ്ടനിൽനിന്നും പുറത്തിറക്കിയിരുന്ന 'ചർച്ച് മിഷണറി ഗ്ലീനർ.' 1841-ൽ ആരംഭിച്ച ഈ പ്രസിദ്ധീകരണം 1921 വരെയുള്ള 80 വർഷം ഇതേ പേരിൽ തുടർച്ചയായി പുറത്തിറക്കുകയും 1922 മുതൽ മറ്റൊരു പേരിലേക്കു മാറുകയും ചെയ്തു.[2] ആ കാലഘട്ടത്തിലെ നമ്മുടെ നാടിന്റെ, വിശേഷിച്ചും തിരുവിതാംകൂറിന്റെ ചരിത്രവും സംസ്കാരവും ആചാരാനുഷ്ഠാനങ്ങളുമെല്ലാം മനസിലാക്കാൻ ഈ പ്രസിദ്ധീകരണം ഏറെ പ്രയോജനപ്പെടുമെന്ന കാര്യത്തിൽ തർക്കമില്ല. മിഷണറി പ്രവർത്തകരുടെ അനുഭവങ്ങളും, പല ദേശത്തെയും കുറിച്ചുള്ള വിവരണങ്ങളും, നിരവധി രേഖാചിത്രങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരുന്നു. ആഫ്രിക്ക, ഈജിപ്ത്, പാലസ്തീൻ, തുർക്കി, ഇന്ത്യ, സിലോൺ (ശ്രീലങ്ക), മൗറീഷ്യസ്, ചൈന, ജപ്പാൻ, കൊളംബിയ തുടങ്ങി ഒട്ടേറെ രാജ്യങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ ചർച്ച് മിഷണറി ഗ്ലീനറിലൂടെ


ആദിവാസി ഗ്രാമം - 1859

ISSN No: 3049-0316


ലോകത്തിനു മുന്നിലെത്തി. പഴയ ലക്കങ്ങൾ പരിശോധിച്ചാൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള അനേകം സ്കെച്ചുകൾ പ്രസിദ്ധീകരിച്ചിരിക്കുന്നതായി കാണാം. എല്ലാ ലക്കത്തിലും തിരുവിതാംകൂറിന്റെ കാഴ്ചകൾക്കും വിശേഷങ്ങൾക്കുമായി പ്രത്യേക ഭാഗം തന്നെ നീക്കിവെച്ചിരുന്നു. അതേസമയം, പല രാജ്യങ്ങളിൽനിന്നും ഫോട്ടോഗ്രാഫുകൾ വന്നുതുടങ്ങിയ ഘട്ടത്തിലും ഇവിടുത്തെ കാഴ്ചകളിലധികവും സ്കെച്ചുകളായിട്ടാണ് അച്ചടിച്ചിരുന്നത്. ഫോട്ടോഗ്രാഫി[3] കൂടുതൽ പ്രചാരം നേടിയതിനൊപ്പം കേരളീയ ഗ്രാമങ്ങളുടെയും ജനജീവിതത്തിന്റെയും വിവിധ ഫോട്ടോകളും പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു. 1880-കളുടെ അവസാനവും 1890-കളിലും പുറത്തിറങ്ങിയ ചർച്ച് മിഷണറി ഗ്ലീനറിന്റെ ചില ലക്കങ്ങളിൽ അപൂർവ്വം ഫോട്ടോകൾ കാണാമെങ്കിലും ഇവിടെ ഫോട്ടോഗ്രാഫിക്കു കാര്യമായ പ്രചാരം കിട്ടിത്തുടങ്ങിയത് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ്.

## രേഖാചിത്രങ്ങളിലെ ജീവിതം

സിഎംഎസ് മിഷണറി ആയിരുന്ന ഹെൻറി ബേക്കർ ജൂനിയറുടെ പ്രധാനപ്പെട്ട പ്രവർത്തന മേഖലകളിൽ ഒന്നായിരുന്നു കോട്ടയം-ഇടുക്കി ജില്ലകളുടെ അതിർത്തിപ്രദേശമായ മുണ്ടക്കയം. കാടുകളിൽ കഴിഞ്ഞിരുന്ന ആദിവാസി വിഭാഗമായ മലയരയന്മാരുടെ ആവശ്യപ്രകാരം 1848-ലാണ് അദ്ദേഹം കാൽനടയായി മുണ്ടക്കയത്ത് എത്തുന്നത്. അതിനുശേഷം പരിസരത്തെ ഗോത്രഗ്രാമങ്ങളിലെല്ലാം ഹെൻറി ബേക്കർ സന്ദർശനം നടത്തുകയും അവിടുത്തെ മലയരയർക്കും മറ്റു ആദിവാസി സമൂഹങ്ങൾക്കുമിടയിൽ സേവനപ്രവർത്തനം ആരംഭിക്കുകയും ചെയ്തു. തുടർന്നുള്ള ദശകങ്ങളിൽ പുറത്തിറങ്ങിയ ചർച്ച് മിഷണറി ഗ്ലീനറിന്റെ പല ലക്കങ്ങളിലും ഈ പ്രദേശത്തെക്കുറിച്ചുള്ള വിവരണവും രേഖാചിത്രങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. നൂറും നൂറ്റമ്പതും വർഷങ്ങൾക്കു മുമ്പ് ഭൗതികസാഹചര്യങ്ങൾ എങ്ങനെ ആയിരുന്നുവെന്നു സ്കെച്ചുകളിൽ നിന്നു മനസ്സിലാക്കാം. ഏതു ചിത്രം പരിശോധിച്ചാലും അതിന്റെ പശ്ചാത്തലം കാടാണ്. മലയരയരുടെ വാസകേന്ദ്രത്തിൽ എത്തുന്ന മിഷണറിമാരുടെ താമസത്തിനായി, വലിയൊരു മരത്തിനുമീതെ നിലത്തുനിന്നും 25 അടിയോളം ഉയരത്തിൽ നിർമ്മിക്കപ്പെട്ട ഏറുമാടത്തിന്റെ ചിത്രം 1850 ഓഗസ്റ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട മാസികയിൽ കാണാം. കാട്ടുകമ്പുകളും മുളന്തൈതലും പുല്ലും ഉപയോഗിച്ചാണ് ഇതിന്റെ നിർമ്മാണം. ഏതാനും ഏറുമാടങ്ങളും നിലമാടവും[4] ഉൾപ്പെടുന്ന ഇവിടുത്തെ ഗോത്രഗ്രാമത്തിന്റെ 1859-ലെ ചിത്രവുമുണ്ട്. മാടങ്ങൾക്കു തൊട്ടുപിന്നിലുള്ള മരത്തിൽനിന്നും കാട്ടാന ചില്ലയൊടിക്കുന്നതും ഇതിൽ കാണാം. അക്കാലത്തെ ജനജീവിതം എത്രത്തോളം അരക്ഷിതമായിരുന്നുവെന്നാണ് ചിത്രങ്ങളിൽനിന്നും വ്യക്തമാകുന്നത്.


1861-ലെ മുണ്ടക്കയത്തിന്റെ രേഖാചിത്രം


കോട്ടയം - 1869

ഹെൻറി ബേക്കർ ജൂനിയറുടെ പ്രവർത്തന കേന്ദ്രങ്ങളിലൊന്നായ മലയരയ ഗ്രാമത്തിലെ രാത്രികാലദൃശ്യം 1878-ലെ ലക്കത്തിൽ വരച്ചു ചേർത്തിരിക്കുന്നു. വന്മരങ്ങൾക്കു ചുവട്ടിൽ കൂട്ടിയ തീക്കുണ്ഡത്തിന്റെ അരികിലിരിക്കുന്ന ഒരു കൂട്ടം മനുഷ്യരും രണ്ടു നായ്ക്കളും മരത്തിനുമുകളിലുള്ള ഏറുമാടത്തിലെ മിഷണറി പ്രവർത്തകനുമാണ് ചിത്രത്തിലുള്ളത്. കാഴ്ചയിൽ ഉത്കണ്ഠാകുലരെന്നു തോന്നിക്കുന്ന എല്ലാവരുടെയും ദൃഷ്ടികൾ ഒരേ ദിശയിലേക്കാണ്. അപകടകാരിയായ ഏതോ വന്യമൃഗത്തിന്റെ സാമീപ്യത്തോടുള്ള അവരുടെ സ്വാഭാവിക പ്രതികരണം ആയിരിക്കണം ഇത്. തനതുശൈലിയിൽ നിർമ്മിച്ച കാവൽമാടത്തിൽ നാടൻ തോക്കുമായി ജാഗ്രതയോടെ നില്ക്കുന്ന മലയരയന്റെ ചിത്രം 1891-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാർഷിക സംസ്കാരത്തിന് അവർക്കിടയിലുള്ള പ്രാധാന്യവും, നാടൻ തോക്കുകൾ നിർമ്മിക്കാനുള്ള സാങ്കേതികവിദ്യ അക്കാലത്തെ ആദിവാസികൾക്കു പരിചിതമായിരുന്നുവെന്നും ഈ ചിത്രം നമ്മോടു പറയുന്നു. 1861-ലെ മുണ്ടക്കയത്തിന്റെ രേഖാചിത്രവും കൗതുകകരമാണ്. മരങ്ങൾക്കിടയിൽ പണികഴിപ്പിച്ചിട്ടുള്ള വീടുകളുടെ ദൃശ്യം കാണുമ്പോൾ, ദീർഘചതുരാകൃതിയിലുള്ള കുടിലുകൾക്കു പുറമെ വൃത്താകൃതിയിലുള്ള ഭവനങ്ങളും ഇവിടുത്തെ വാസ്തുശൈലിയുടെ ഭാഗമായിരുന്നുവെന്നു മനസിലാക്കാം.

വാല്യം 1 ലക്കം 4 ജൂൺ 2025 ISSN No: 3049-0316



ഇപ്പോഴൊരു ചെറുപട്ടണമായി മാറിയിരിക്കുന്ന മുണ്ടക്കയം ഒരുകാലത്തു കാടായിരുന്നുവെന്ന തിരിച്ചറിവ് ചിത്രം മുന്നോട്ടുവെക്കുന്നു. പ്രത്യേക രീതിയിൽ മുണ്ടുടുക്കുകയും തലയിൽ കെട്ടുകയും ചെയ്യാറുണ്ടെങ്കിലും ഷർട്ട് ധരിക്കുന്ന പുരുഷന്മാരെയൊന്നും അക്കാലത്തെ ബഹുഭൂരിപക്ഷം സ്കെച്ചുകളിലും കാണാനില്ല.

കേരളത്തിലെ പുഴകളിലൂടെയും കായലുകളിലൂടെയും കെട്ടുവള്ളങ്ങളും ചെറുവള്ളങ്ങളും കടന്നുപോകുന്നതിന്റെ ഒട്ടേറെ രേഖാചിത്രങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിലെ വിവിധ ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പഴയ കാലത്ത് ഉൾനാടൻ ജലഗതാഗതം എത്രമാത്രം സജീവമായിരുന്നുവെന്ന വ്യക്തമാക്കുന്ന സ്കെച്ചുകളാണ് അവയെല്ലാം. മാത്രവുമല്ല, ഇപ്പോഴത്തെ ഹൗസ്ബോട്ടുകളുടെ പൂർവ്വമാതൃകയിൽ അക്കാലത്തെ കെട്ടുവള്ളങ്ങൾക്കെല്ലാം മേൽക്കൂര ഉണ്ടായിരുന്നുവെന്നും കാണാം. ആളുകൾക്കു മഴയും വെയിലുമേൽക്കാതെ യാത്ര ചെയ്യുന്നതിനും ചരക്കുകടത്തിന്റെ സമയത്തു അവയെ സംരക്ഷിക്കുന്നതിനും വേണ്ടിയായിരുന്നു ഇത്തരം മേൽക്കൂരകൾ. 1870-ലെ ചർച്ച് മിഷണറി ഗ്ലീനറിൽ ചേർത്തിരിക്കുന്ന മാവേലിക്കര മിഷൻ ബംഗ്ലാവിന്റെ മുന്നിൽ നിന്നുള്ള ദൃശ്യത്തിലൂടെ, ജലഗതാഗതരംഗത്ത് അച്ചൻകോവിലാർ അക്കാലത്ത് എത്രത്തോളം സജീവമായിരുന്നുവെന്ന മനസിലാക്കാം. കിഴക്കൻ മേഖലയിൽനിന്നും കോട്ടയത്തേക്ക് എത്തിയാൽ പള്ളത്തിനടുത്ത് കൊടൂർ പുഴയിലൂടെ കടന്നുപോകുന്ന കെട്ടുവള്ളങ്ങളുടെ സ്കെച്ച് മറ്റൊരു ലക്കത്തിൽ ചേർത്തിട്ടുണ്ട്. 1869-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കോട്ടയത്തിന്റെ രേഖാചിത്രം, അക്ഷരനഗരിയുടെ ഇന്നത്തെ പട്ടണക്കാഴ്ച കണ്ടിട്ടുള്ള ഏതൊരാളെയും അത്ഭുതപ്പെടുത്തും. അത്രയും ഗ്രാമീണത നിറഞ്ഞതായിരുന്നു അന്നത്തെ കോട്ടയം.


അപകടത്തിൽപ്പെട്ട കാളവണ്ടി - 1879


മാവേലിക്കര മിഷൻ ബംഗ്ലാവും അച്ചൻകോവിലാറും - 1870

1879-ലെ മാസികയിലും കേരളവുമായി ബന്ധപ്പെട്ട നിരവധി ചിത്രങ്ങളുണ്ട്. യാത്രയ്ക്കിടെ അപകടത്തിൽപ്പെട്ട ഒരു കാളവണ്ടിയുടെ രാത്രിചിത്രമാണ് ഇതിൽ ഏറ്റവും ആകർഷകം. ഒന്നര നൂറ്റാണ്ടോളം മുമ്പ് തിരുവിതാംകൂറിൽ ഉപയോഗിച്ചിരുന്ന കാളവണ്ടികളുടെ രൂപഘടന എങ്ങനെ ആയിരുന്നുവെന്ന് ഈ ചിത്രം പറഞ്ഞുതരുന്നു. ചിത്രരചനാരീതിയിലെ വെളിച്ചത്തിന്റെയും നിഴലിന്റെയും മിശ്രണം പ്രത്യേക പഠനം അർഹിക്കുന്ന ഒന്നാണ്. തെരുവുവിളക്കുകൾ ഇല്ലാത്ത കാലഘട്ടം ആയിരുന്നിട്ടും ഇവിടുത്തെ രാത്രികാല യാത്രകളിൽനിന്നും കാളവണ്ടികളെ മാറ്റിനിർത്തിയിരുന്നില്ല. തിരുവിതാംകൂറിലെ വൈദികവിദ്യാർത്ഥികളും അദ്ധ്യാപകരും, കോട്ടയത്തെ പ്രദേശവാസികൾ ഉൾപ്പെടെയുള്ള മിഷണറി പ്രവർത്തകർ, പുൽപ്പായ നെയ്തെടുക്കുന്ന തൃശ്ശൂരുകാരിയായ ഗ്രാമീണവനിത, അവിടെനിന്നുള്ള ഏതാനും വാദ്യകലാകാരന്മാർ, ധ്യാനത്തിലിരിക്കുന്ന ബ്രാഹ്മണയോഗി എന്നിവരുടെ ചിത്രങ്ങളും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. ബെഞ്ചമിൻ ബെയ്‌ലി കോട്ടയത്തു സ്ഥാപിച്ച പള്ളിയുടെയും അച്ചടിശാലയുടെയും സ്കെച്ചുകളും ഇതേ മാസികയിൽ ചേർത്തിരിക്കുന്നു. 1883-ലെയും 1884-ലെയും ചർച്ച് മിഷണറി ഗ്ലീനറുകളിൽ 'ട്രാവൻകൂർ സ്കെച്ചസ്' എന്ന പേരിൽ നിരവധി ചിത്രങ്ങളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. റാന്നി-നിരണം-തലവടി എന്നിവിടങ്ങളിൽനിന്നുള്ള സിറിയൻ ഗ്രാമീണരും പുരോഹിതരും, പുഴയിലൂടെയുള്ള മിഷണറിമാരുടെ യാത്ര, മങ്കൊമ്പിൽ നിന്നുള്ള ദൃശ്യങ്ങൾ, മരങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് നിർമ്മിച്ചിട്ടുള്ള പാലം തുടങ്ങിയവയുടെ ചിത്രങ്ങളാണിത്. കോട്ടയത്തെ ഒരു സ്കൂളിൽനിന്നുള്ള 1885-ലെ സ്കെച്ച് പരിശോധിച്ചാൽ വിദ്യാഭ്യാസത്തോടുള്ള അക്കാലത്തെ കുട്ടികളുടെ താത്പര്യം എത്ര വലുതായിരുന്നുവെന്ന മനസിലാക്കാം. തൃശ്ശൂരിൽനിന്നുള്ള സ്ത്രീപുരുഷന്മാരുടെയും മിഷണറിമാരുടെയും രേഖാചിത്രം 1886-ലെയും, കോട്ടയത്തെ വലിയപള്ളിയുടെയും പഴയ സിറിയൻ കോളേജിന്റെയും തിരുവിതാംകൂറിലെ ഒരു ഗ്രാമീണ കലാപരിപാടിയുടെയും നാട്ടുചന്തയിൽ പ്രഭാഷണം നടത്തുന്ന പുരോഹിതന്റെയും ചിത്രങ്ങൾ 1887-ലെയും മാസികകളിൽ കാണാം. 1903-ലെ ആലുവ മണൽപ്പുറത്തിന്റെ സ്കെച്ചിനോടൊപ്പം


ആദിവാസികളും മിഷണറിയും - 1878

മുപ്പത്തയ്യായിരം ശിവഭക്തർ എത്തിച്ചേരുന്ന താല്ക്കാലിക പട്ടണം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 122 വർഷങ്ങൾക്കു മുമ്പുള്ള ആലുവയുടെ സാംസ്കാരിക ചരിത്രപഠനം ഈ സ്കെച്ചുകളിൽ നിന്നും സാധ്യമാണ്.

ഇത്തരത്തിൽ കേരളത്തിന്റെ പല ഭാഗങ്ങളിൽനിന്നുമുള്ള ധാരാളം സ്കെച്ചുകളാണ് ചർച്ച് മിഷണറി ഗ്ലീനറിന്റെ വിവിധ ലക്കങ്ങളിലുള്ളത്. അക്കാലത്തെ ഗ്രാമീണമായ കവലകൾ, നാട്ടിൻപുറത്തെ വ്യാപാരകേന്ദ്രങ്ങൾ, ഉൾനാടൻ ജലാശയങ്ങളിലൂടെയുള്ള ചരക്കുനീക്കം, ആരാധനാലയങ്ങൾ, ഗതാഗത സംവിധാനങ്ങൾ, സാമൂഹികമായ കൂട്ടായ്മ, കൃഷിയും അനുബന്ധപ്രവർത്തനങ്ങളും, വിദ്യാലയങ്ങൾ എന്നിവയുടെയെല്ലാം ചിത്രങ്ങൾ ഇതിൽ ഉൾപ്പെടും. ഇപ്പോഴത്തെ നഗരങ്ങളുടെയും സുപ്രധാന കേന്ദ്രങ്ങളുടെയും പഴയകാല രൂപങ്ങളും ഇക്കൂട്ടത്തിലുണ്ട്. നൂറും നൂറ്റമ്പതും വർഷങ്ങൾക്കുശേഷം ഇവയിലൂടെ കടന്നുപോകുമ്പോൾ അത്ഭുതകരമായ പല അറിവുകളും ഗവേഷകർക്കു ലഭിക്കുന്നു. ഈ നാടിന്റെ സാമൂഹികവും സാംസ്കാരികവുമായ ഭൂതകാലം ഏതുതരത്തിൽ ആയിരുന്നുവെന്നു വ്യക്തമായി അടയാളപ്പെടുത്തുന്ന ചൂണ്ടുപലകകളായി ഈ ചിത്രങ്ങളും മാറുന്നുണ്ട്.

### അടിക്കുറിപ്പുകൾ

1. ലണ്ടനിൽനിന്നും 1833-ൽ പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന്റെ മലയാള പരിഭാഷ 'ഞാൻ കണ്ട കേരളം' എന്ന പേരിൽ പുറത്തിറങ്ങിയിട്ടുണ്ട്. കേരളത്തിന്റെ സംസ്കാരവും ജനജീവിതവും ഉപജീവന മാർഗ്ഗങ്ങളും അന്നത്തെ സാമൂഹികാവസ്ഥയും എല്ലാമാണ് ഇതിന്റെ ഉള്ളടക്കം (ഞാൻ കണ്ട കേരളം, സാമുവൽ മെറ്റീർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2010).
2. 'സിഎം ഔട്ട്ലുക്ക്' (CM Outlook-Church Missionary Outlook) എന്ന പേരിലാണ് 1922 മുതൽ 1972 വരെ 'ചർച്ച് മിഷണറി ഗ്ലീനർ' പ്രസിദ്ധീകരിച്ചത്. 1973-ൽ ഇതിന്റെ പേര് 'Yes' എന്നാക്കുകയും ചെയ്തു.
3. കേരളത്തിലെ ആദ്യഫോട്ടോ എടുത്തത് 1857-ലാണെന്നു കരുതപ്പെടുന്നു. അന്നത്തെ തിരുവിതാംകൂർ മഹാരാജാവ് ആയിരുന്ന ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മയും, യുവരാജാവായ വിശാഖം തിരുനാൾ രാമവർമ്മയും, ഈശ്വരപ്പിള്ള വിചാരിപ്പുകാർ എന്ന കഥകളി കലാകാരനുമാണ് ഈ ഫോട്ടോയിലുള്ളത്.
4. സാധാരണയായി വന്യമൃഗങ്ങളുടെ ശല്യം കൂടുതലുണ്ടാകുന്നത് രാത്രികാലങ്ങളിൽ ആയിരിക്കും. ഈ സമയം കുടുംബാംഗങ്ങൾ കഴിയുന്നത് ഏറുമാടത്തിലാണ്. അതേസമയം, പകൽ നേരങ്ങൾ ചെലവഴിക്കാനും ഭക്ഷണം പാകംചെയ്യാനും മറ്റുമായി മരത്തിനുചുവട്ടിലും ഓരോ കുടിലുകൾ നിർമ്മിക്കുന്നു. നിലമാടം എന്നാണ് ഇതറിയപ്പെടുന്നത്.

### സഹായകഗ്രന്ഥങ്ങൾ

1. നെല്ലിമൂകൾ, സാമുവൽ. സിഎംഎസ് കോളേജിന്റെ ചരിത്രം 1816-1996. ബെഞ്ചമിൻ ബെയ്‌ലി ഗവേഷണകേന്ദ്രം, 1997
2. മെറ്റീർ, സാമുവൽ. ഞാൻ കണ്ട കേരളം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2024
3. മോഹൻ ദാസ്, വള്ളിക്കാവ്. മിഷണറിമാരുടെ കേരളം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2023
4. Hacker, I.H. Kerala: The Land of Palms. London Missionary Society, 1912
5. Velupillai, T.K. The Travancore State Manual (All Volumes). Kerala Gazetteers Department, 1996
6. The Church Missionary Gleaner: 1841-1921, Church Missionary Society, London